**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 260** **25-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയിലെ നൂറ്റദിന കർമ്മ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ നൂറ്റദിന കർമ്മ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | സർക്കാരിന്റെ നൂറ് ദിന കർമ പദ്ധതിയുടെ ഭാഗമായി 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. 1. ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ മാസങ്ങളിലെ ഭക്ഷ്യഭദ്രത അലവൻസ് ഭക്ഷ്യകിറ്റായി വിതരണം ചെയ്യുന്ന പദ്ധതി ആഗസ്റ്റ് 12 ന് ഉദ്ഘാടനം ചെയ്തു. കുട്ടികൾക്ക് ഭക്ഷ്യധാന്യ ത്തോടൊഷം ഭക്ഷ്യക്കിറ്റുകളും വിതരണം ചെയ്തു വരുന്നു. 2. സ്കൂൾ വിദ്യാർത്ഥികളിൽ വായനശീലം വളർത്തുന്നതിനായി വീടുകളിൽ പുസ്തകം എത്തിക്കുന്ന 'വായനയുടെ വസന്തം' പദ്ധതിയ്ക്ക് 15/10/2021-ലെ സ.ഉ(സാധാ) നം.4647/2021/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. 3. സ്കൂളുകളിൽ കൈറ്റ്-വിക്ടേഴ്സ് ചാനലിലൂ ടെയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർച്ചയായി അദ്ധ്യാപകർക്ക് കുട്ടികളുമായി നേരിട്ട് സംവദിക്കാൻ കഴിയുന്ന ഓൺലൈൻ ക്ലാസ്സുകൾ നടത്തി വരുന്നു. നൂറ്റദിന പരിപാടിയിൽ കൈറ്റ് എസ്.പി.വി. ആയി അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 5 കോടി രൂപവീതം ചെലവഴിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ॥ സ്കൂളുകളുടേയും 3 കോടി രൂപവീതം ചെലവഴിച്ച് നടത്തുന്ന ഭൗതിക സൗകര്യ വികസനം ഉറപ്പുവരുത്തുന്ന 10 സ്കൂളുകളുടേയും നിർമാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തി. കോവിഡ് 19 കാലയളവിൽ സ്കൂളുകളിൽ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെയുള്ള ഡിജിറ്റൽ ക്ലാസുകളുടെ തുടർച്ചയായി അധ്യാപകർക്ക് കുട്ടികളുമായി നേരിട്ട് സംവദിക്കാൻ കഴിയുന്ന ഓൺലൈൻ ജി-സ്യൂട്ട് |

| | | | |
|---|---|---|---|
| | | | സംവിധാനം കൈറ്റിന്റെ നേതൃത്വത്തിൽ പൂർണമായ തോതിൽ സജ്ജ മാക്കിയിട്ടുണ്ട്. ട്രയൽ, പൈലറ്റ് പ്രവർത്തനങ്ങൾക്ക് ശേഷം പത്താം ക്ലാസിലെ എല്ലാ കുട്ടികൾക്കും ജി-സ്യൂട്ട് ഉപയോഗിച്ച് ഓൺ ലൈൻ ക്ലാസ് നടത്തുന്നതിന്, മുപ്പതിനായിരത്തോളം പത്താം ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് പരിശീലനവും, അധ്യാപകർക്കും കുട്ടികൾക്കും ജി-സ്യൂട്ടിൽ പ്രത്യേക ലോഗിൻ ഐ.ഡി.യും ലഭ്യമാക്കിയിട്ടുണ്ട്. ഘട്ടം ഘട്ടമായി എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 4. 2020-21 വർഷം പൂർത്തീകരിക്കേണ്ട 50 ലാബുകളിൽ 48 ഹയർ സെക്കണ്ടറി ലാബുകളുടെയും 3 ലൈബ്രറികളുടെയും ഉദ്ഘാടനം 14/09/2021 ൽ ബഹു: മുഖ്യമന്ത്രി നിർവ്വഹിച്ചു. 5.സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി കിഫ്ബിയുടെ 5 കോടി, ധനസഹായത്തോടെ നിർമ്മാണം പൂർത്തിയാക്കിയ 11 സ്കൂൾ കെട്ടിടങ്ങളും 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച 23 സ്കൂൾ കെട്ടിടങ്ങളും പ്ലാൻ ഫണ്ടും മറ്റ് ഫണ്ടുകളും പ്രയോജനപ്പെടുത്തിയുള്ള 58 സ്കൂൾ കെട്ടിടങ്ങളും ഉൾപ്പെടെ 92 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനവും 107 സ്കൂൾ കെട്ടിടങ്ങളുടെ ശിലാസ്ഥാപനവും 14/9/2021 ന് ബഹു: മുഖ്യമന്ത്രി നിർവ്വഹിച്ചു. |
| (ബി) | പൊതുവിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി വിഭാവനം ചെയ്യുന്ന തുടർ പദ്ധതികളെ കുറിച്ച് വിശദമാക്കാമോ? | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധന സഹായത്തോടെ പൊതുവിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 141 സ്കൂളുകൾക്ക് 5 കോടിരൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപവീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും, 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104കോടിയും പ്ലാൻ ഫണ്ടിലൂടെ 1100 ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനുമാണ് നടപടി സ്വീകരിച്ചത്. കൂടാതെ എസ്.എസ്.കെ, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, പൂർവ്വ വിദ്യാർത്ഥി ഫണ്ട് തുടങ്ങിയവ ഭൗതിക സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്തി. 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 120 സ്കൂൾ കെട്ടിടങ്ങളും 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 96 സ്കൂൾ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പശ്ചാത്തല സൗകര്യ വികസനം |

| | | | |
|---|---|---|---|
| | | | ഇനിയും ആവശ്യമായ സ്കൂളുകളുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് വിവിധ ഫണ്ടുകളുടെ സാധ്യത പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്-വാർഷിക പദ്ധതി 2021-22–സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 'വായനയുടെ വസന്തം' പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (പി) വകുപ്പ്

സ.ഉ.(സാധാ) നം.4647/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 15/10/2021

പരാമർശം:- 24/06/2021, 18/08/2021 എന്നീ തീയതികളിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ടി2/6111/2021/ഡി.ജി.ഇ നമ്പർ കത്ത്.

<u>ഉത്തരവ്</u>

2021-22 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് തുക വകയിരുത്തിയ വിവിധ പദ്ധതികളിൽ നിന്നും വകമാറ്റിയ 10 കോടി രൂപ (പത്ത് കോടി രൂപ മാത്രം) വിനിയോഗിച്ച് 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ള 'വായനയുടെ വസന്തം' പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2. ലൈബ്രറി പുസ്തകങ്ങൾ കുട്ടികളുടെ വീടുകളിലേക്ക് എന്നതാണ് 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഉൾപ്പെടുത്തിയ 'വായനയുടെ വസന്തം' പദ്ധതിയുടെ 2021-22 വർഷത്തെ പ്രത്യേകത. മുൻ വർഷങ്ങളിൽ വിതരണം ചെയ്ത പുസ്തകങ്ങളും, ഈ വർഷം വിതരണം ചെയ്യുന്ന പുസ്തകങ്ങളും കുട്ടികൾക്ക് വീടുകളിൽ എത്തിച്ച് നൽകുന്നതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ തുക വകയിരുത്തിയ താഴെപറയുന്ന പദ്ധതികളിൽ നിന്നും വകമാറ്റിയ 10 കോടി രൂപ (പത്ത് കോടി രൂപ മാത്രം) വിനിയോഗിച്ച് 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ള 'വായനയുടെ വസന്തം' പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | ബജറ്റ് വിഹിതം | വകമാറ്റി വിനിയോഗിക്കാവുന്ന തുക |
|---|---|---|---|
| 1. | Improvement of Science, Maths Social Science EDN (2202-02-109-71) | 145 | 100 |
| 2. | Talent Enhancement Programme for LSS, USS Winners (2202-02-109-71) | 160 | 160 |

| | | | |
|---|---|---|---|
| 3. | Establishment of Centre for English (2202-02-109-71) | 160 | 60 |
| 4. | Promotion of Excellence among Gifted Children (2202-02-109-70) | 200 | 100 |
| 5. | School Kalolsavam (2202-02-109-70) | 650 | 500 |
| 6. | Special School Kalolsavam (2202-02-109-70) | 40 | 40 |
| 7. | Bio-Diversity Campus (2202-02-001-80) | 160 | 40 |
| Total | | | 1000 |

4. പുസ്തകങ്ങൾ വാങ്ങുതിലേക്കായി വേണ്ട നടപടിക്രമങ്ങളും പ്രത്യേക സമിതി രൂപീകരണവും സംബന്ധിച്ച ശുപാർശകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ അടിയന്തിരമായി സമർപ്പിക്കേണ്ടതും ആയതു സർക്കാർ പരിശോധിച്ച് പ്രത്യേക ഉത്തരവ് ഇറക്കുന്നതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (28.09.2021-ലെ PLGEA-A1/128/2021-PLGEA കുറിപ്പ് പ്രകാരം)
ധനകാര്യ വകുപ്പ് (13.10.2021-ലെ 1830851/EdnA2/104/2021/Fin കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sheeba Jayadevan
Date: 16-10-2021 11:50:16
Reason: Approved
സെക്ഷൻ ഓഫീസർ